രോഗികൾക്ക് ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡം

137(1625)ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ രോഗികൾക്ക് ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) സർക്കാർ ആശുപത്രികളിൽ ആവശ്യക്കാർക്ക് വേണ്ടത്ര ഭക്ഷണം നൽകാതെയും ആവശ്യമില്ലാത്തവർക്ക് ഭക്ഷണം നൽകിയും നഷ്ട മുണ്ടാക്കുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആവശ്യക്കാർക്ക് വേണ്ട ഭക്ഷണം നൽകുവാനും ആവശ്യമില്ലാത്തവർക്ക് നൽകാതിരിക്കാനുള്ള സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ 1500/- രൂപയിൽ താഴെ വരുമാനമുള്ള രോഗികൾക്കാണ് സർക്കാർ ആശുപത്രികളിൽ ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യുന്നത്.

(ബി) പരാതി ലഭിച്ചിട്ടില്ല.

(സി) കുടുംബ വരുമാനമാണ് അർഹത നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്. ആവശ്യമില്ലാത്തവർക്ക് നൽകേണ്ടതില്ല എന്നു തന്നെയാണ് സർക്കാർ നിലപാട്.

സ്റ്റേറ്റ് എയ്ഡ്സ് സെല്ലിന്റെ പ്രവർത്തനം

138(1626) ശ്രീ. എൻ. കണ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് എയ്ഡ്സ് സെല്ലിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സെല്ലിന്റെ പ്രവർത്തനത്തിന് ഏതൊക്കെ ഏജൻസികളിൽ നിന്നാണ് സാമ്പത്തികസഹായം ലഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഏജൻസികൾ, സാംസ്ക്കാരിക സംഘടനകൾ, സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ എന്നിവകളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഓരോ മേഖലയ്ക്കും സർക്കാർ നൽകിയ ധനസഹായത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ദേശീയ എയ്ഡ്സ് നിയന്ത്രണ സംഘടനയുടെ മാർഗ്ഗനിർദ്ദേശ പ്രകാരമാണ് സംസ്ഥാനത്ത് എയ്ഡ്സ് സെൽ പ്രവർത്തിക്കുന്നത്. ഇതനുസരിച്ച് സംസ്ഥാനത്ത് എയ്ഡ്സ് പ്രതിരോധപ്രവർത്തനങ്ങൾ നടത്തി വരുന്നതിൽ ബോധവൽക്കരണത്തിന് പ്രാമുഖ്യം നൽകിവരുന്നു. രോഗസംക്രമണ സാദ്ധ്യത കൂടുതലുള്ള വിഭാഗങ്ങളെ കണ്ടെത്തി രോഗസാദ്ധ്യത കുറയ്ക്കുന്നതിനുള്ള സന്ദേശങ്ങൾ, കൗൺസലിംഗ്, ബോധവൽക്കരണം എന്നീ

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജിത നിയന്ത്രണ പരിപാടികൾ നടപ്പിലാക്കിവരുന്നു. നാടൻ കലാരൂപങ്ങളും വാർത്താമാദ്ധ്യമങ്ങളും റേഡിയോ, ടി.വി.മീഡിയകളും ഉപയോഗിച്ച് മാസ്മീഡിയ കാമ്പയിൻ നടത്തുന്നു. കേരളത്തിലുടനീളം ഹൈസ്ക്കൂൾ അദ്ധ്യാപകർക്ക് പരിശീലനം നൽകുക, ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കും മറ്റു യുവതലമുറയിൽപ്പെട്ടവർക്കുമായി കുടുംബജീവിത വിദ്യാഭ്യാസപരിപാടിക്ക് രൂപം കൊടുത്ത് ബോധവൽക്കരണ ക്ലാസ്സുകൾ നടപ്പിലാക്കിവരുന്നു. കോളേജ് വിദ്യാർത്ഥികൾക്ക് നാഷണൽ സർവ്വീസ് സ്കീമുമായും മറ്റുള്ള യുവതീ യുവാക്കൾക്ക് നെഹ്രു യുവകേന്ദ്രവുമായും പ്രവർത്തിച്ച് ബോധവൽക്കരണം നടത്തുന്നുണ്ട്. ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനത്തിനായി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം ഒരു സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ലൈസൻസില്ലാത്ത ബ്ലഡ് ബാങ്കുകൾ നിർത്തലാക്കി. സുരക്ഷിതമായ രക്തം ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള സജ്ജീകരണങ്ങൾ ചെയ്തുവരുന്നു. എല്ലാ വർഷവും ലൈംഗികരോഗത്തെക്കുറിച്ചും എയ്ഡ്സിനെക്കുറിച്ചും നിർദ്ദിഷ്ട സെന്ററുകളിൽ നിർദ്ദിഷ്ട സമയത്ത് നിരീക്ഷണം നടത്തിവരുന്നു.

എല്ലാ ആരോഗ്യരകതദാതാക്കൾക്കും എയ്ഡ്സ് നിയന്ത്രണവുമായി ബന്ധപ്പെട്ട ചികിത്സ നൽകിവരുന്നു.

ലൈംഗിക രോഗമുള്ളവർക്ക് സൗജന്യമായി ചികിത്സയും ഉറ വിതരണവും കൗൺസിലിംഗ് സംവിധാനവുമുള്ള 20 ലൈംഗിക രോഗ ക്ലിനിക്കുകൾ കേരളത്തിൽ സ്ഥാപിച്ചു കഴിഞ്ഞു. അണുബാധിതരെ തിരിച്ചറിയുന്നതിനുള്ള എച്ച്.ഐ.വി., എലിസാ ടെസ്റ്റ് എല്ലാ മെഡിക്കൽ കോളേജുകളിലും അംഗീകൃത ബ്ലഡ് ബാങ്കുകളിലും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സ്വമേധയാ എച്ച്.ഐ.വി. ടെസ്റ്റുകൾ ചെയ്യുന്നതിനുള്ള സംവിധാനം ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലഭ്യമാണ്. അണുബാധിതർക്കുണ്ടാകുന്ന പ്രതിരോധശേഷിക്കുറവുകൊണ്ടുള്ള അസുഖങ്ങൾക്കുള്ള ചികിത്സ എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും ലഭ്യമാണ്.

കൂടാതെ സർക്കാരിന്റെ വിവിധ വകുപ്പുകളും സന്നദ്ധ സംഘടനകളും സഹകരിച്ച് എയ്ഡ്സ് നിയന്ത്രണപരിപാടികൾ നടത്തിവരുന്നു.

(ബി) സംസ്ഥാന എയ്ഡ്സ് കൺട്രോൾ പ്രോഗ്രാം നൂറുശതമാനവും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടത്തുന്ന ഒരു പദ്ധതിയാണ്. എയ്ഡ്സ് സെല്ലിന് കേന്ദ്ര ആരോഗ്യ വകുപ്പിന്റെ ഭാഗമായ നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷനിൽ (എൻ.എ.സി.ഒ) നിന്നാണ് പ്രവർത്തനത്തിനുള്ള ധനം ലഭിക്കുന്നത്. നാക്കോയ്ക്ക് ലോകബാങ്കിന്റെ സാമ്പത്തികസഹായം ലഭിക്കുന്നുണ്ട്. കൂടാതെ ബ്രിട്ടീഷ് ഹൈക്കമ്മീഷന്റെ ഭാഗമായ ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്റർനാഷണൽ ഡവലപ്മെന്റ് ഇൻഡ്യയിൽ നിന്ന് സാമ്പത്തികസഹായം ലഭിക്കുന്നു.

(സി) ഗവണ്മെന്റിന്റെ വിവിധ വകുപ്പുകളുമായും സാംസ്ക്കാരിക സന്നദ്ധ സംഘടനകളുമായും സഹകരിച്ച് എയ്ഡ്സ് നിയന്ത്രണത്തിനായി വിപുലമായ പരിപാടികൾ നടത്തിവരുന്നു. ലൈംഗികതൊഴിലാളികൾ, തെരുവു കുട്ടികൾ, മയക്കുമരുന്ന് കുത്തിവയ്ക്കുന്നവർ, ജയിൽ ശിക്ഷ അനുഭവിക്കുന്നവർ തുടങ്ങിയവരിലെ രോഗസാദ്ധ്യത വിലയിരുത്തി രോഗസാദ്ധ്യത കുറയ്ക്കുന്നതിനുള്ള ബഹുമുഖ പദ്ധതികൾ സന്നദ്ധസംഘടനകൾ മുഖേന നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ (1998-99) 1,69,90,025/- രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി വച്ചിട്ടുണ്ട്.†

സർക്കാർ ഡോക്ടർമാരുടെ സ്വകാര്യപ്രാക്ടീസ്

139 (1627) ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസിനെക്കുറിച്ച് പഠിച്ച് മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഇതേ വിഷയം സംബന്ധിച്ച് മുൻപ് പഠനം നടത്താൻ നിയോഗിച്ചിരുന്ന ടി.എൻ. ജയചന്ദ്രൻ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയായിരുന്നുവെന്നു വ്യക്തമാക്കുമോ;

(ഡി) ജയചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിരുന്നോ; എങ്കിൽ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ; അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി) 1.10.99-ലെ ജി.ഒ.(ആർ.ടി.) 2700/99/ആ.കു.വ. ഉത്തരവ് പ്രകാരം സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസിനുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(സി) സ്വകാര്യ പ്രാക്ടീസ് നിരോധിക്കണമോ വേണ്ടയോ, വേണമെങ്കിൽ ഏതു രീതിയിൽ, ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാം ഇക്കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിക്കുന്നതിനാണ് ടി.എൻ.ജയചന്ദ്രനെ ഏകാംഗ കമ്മീഷനായി നിയമിച്ചിരുന്നത്.

(ഡി) റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അതിലെ നിഗമനങ്ങളും ശുപാർശകളും അനുബന്ധമായി ചേർക്കുന്നു. റീജിയണൽ കാൻസർ സെന്ററിലെ സ്വകാര്യ പ്രാക്ടീസ് പരിക്ഷണാടിസ്ഥാനത്തിൽ നിറുത്തലാക്കിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള നിയമ നിർമ്മാണവും പരിശോധനയിലാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly